## SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

### Confirmed Minutes of the 06/24 (219th) Meeting of the Syndicate held on 24.07.2024 at 11.00 a.m at University Head Quarters, Kalady

**Members Present:**

1. പ്രൊഫ.(ഡോ.) കെ.കെ. ഗീതാകുമാരി
   വൈസ് ചാൻസലർ, അദ്ധ്യക്ഷ - ഒപ്പ്
2. ഡോ. സി. എം മനോജ് കുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
3. ഡോ. ബിച്ചു എക്സ് മലയിൽ, സിൻഡിക്കേറ്റംഗം - ഒപ്പ്
4. ഡോ. എം. മണിമോഹനൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
5. പ്രൊഫ. ഡി. സലിംകുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
6. പ്രൊഫ. എസ്. മോഹൻദാസ്, സിൻഡിക്കേറ്റംഗം - ഒപ്പ്
7. ഡോ. ആർ. ശശിധരൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
8. അഡ്വ. കെ. പ്രേംകുമാർ MLA, സിൻഡിക്കേറ്റംഗം - ഒപ്പ്
9. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം - ഓൺലൈൻ
10. ഡോ. ടോമി ജോസഫ്, സിൻഡിക്കേറ്റംഗം - ഓൺലൈൻ
11. പ്രൊഫ. തോമസ് കെ ജോബ്, സിൻഡിക്കേറ്റംഗം - ഓൺലൈൻ
12. ഡോ. ശിവദാസൻ പി, സിൻഡിക്കേറ്റംഗം - ഓൺലൈൻ
13. ഡോ. രാമൻകുട്ടി പി.വി., സിൻഡിക്കേറ്റംഗം - ഓൺലൈൻ

കൂടാതെ ഡോ. സുനിത ഗോപാലകൃഷ്ണൻ (പ്രൊഫസർ ഇൻ ചാർജ് ഓഫ് രജിസ്ട്രാർ) പങ്കെടുത്തു.

# SPECIAL AGENDA

## Item No. 1

Report of the Vice Chancellor

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

പ്രമുഖ കാർഡിയാക് തൊറാസിക് സർജനും പദ്മ വിഭൂഷൺ ജേതാവുമായ ഡോ. എം. എസ്. വല്യത്താൻ, സർവകലാശാലയുടെ പ്രാരംഭ ഘട്ടത്തിൽ ഇംഗ്ലീഷ് അധ്യാപകനായിരുന്ന ശ്രീ. പദ്മനാഭൻ എന്നിവരുടെ നിര്യാണത്തിലും രാഷ്ട്രീയ, സാമൂഹിക, കലാ, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

06.07.2024-ാം തീയതിയിലെ 218-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സർവ്വകലാശാലയിലെ 2024 വർഷത്തെ ദ്വിദിന ശങ്കരജയന്തി ആഘോഷങ്ങൾ ജൂലൈ 9, 10 തീയ്യതികളിലായി നടന്നു. ഉദ്ഘാടനം വൈസ് ചാൻസലർ നിർവഹിച്ചു. കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. ബി. അനന്തകൃഷ്ണൻ ശ്രീശങ്കര വാർഷിക പ്രഭാഷണം നടത്തി.

2. 5 സംസ്കൃത ഫാക്കൽറ്റികളിലേക്കും, Foreign languages, ആർട്സ് ആൻഡ് സോഷ്യൽ സയൻസസ്, ഇൻഡോളജി ഫാക്കൽറ്റികളിലേക്കും 15.07.2024 മുതൽ ഡീൻമാരെ നാമനിർദേശം ചെയ്യപ്പെട്ടിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

3. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ ത്രിദിന പി. ജി. ഇൻഡക്ഷൻ പ്രോഗ്രാം 2024 ജൂലൈ 23 മുതൽ ആരംഭിച്ചിട്ടുണ്ട്.

4. സർവകലാശാലയിലെ സംസ്കൃത സാഹിത്യ വിഭാഗത്തിന്റെ കീഴിൽ പുസ്തക പ്രകാശനവും ഫിലോസഫി വകുപ്പിന്റെ കീഴിൽ എക്സ്റ്റൻഷൻ ലെക്ചറും ശ്രീ ശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രത്തിന്റെ കീഴിൽ ശ്രീ ശങ്കര സ്റ്റഡി സർക്കിളിന്റെ പരിപാടിയും ഇക്കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജണ്ടകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചു കൊള്ളുന്നു.

## Item No. 2

ഫിനാൻസ് ഓഫീസർ തസ്തികയിലേക്ക് നിയമന ഉത്തരവ് നൽകിയ ശ്രീമതി. സിൽവി കൊടക്കാട്ട്-ന്റെ ജോയിനിംഗ് ടൈം ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സംബന്ധിച്ച്. (No. 02371/ADB3/SSUS/2024(1))

ഫിനാൻസ് ഓഫീസർ തസ്തികയിലേക്ക് നിയമന ഉത്തരവ് നൽകിയ ശ്രീമതി. സിൽവി കൊടക്കാട്ട്-ന്റെ അപേക്ഷ പരിഗണിച്ച് ജോയിനിംഗ് ടൈം 20.07.2024 മുതൽ 3 മാസത്തേക്ക് ദീർഘിപ്പിച്ചു നൽകുവാൻ തീരുമാനിച്ചു.

## Item No. 3

സർവകലാശാലയിൽ ഓൺലൈൻ ചോദ്യപേപ്പർ വിതരണ സംവിധാനം നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച്. (No. E.A./18838/SSUS/2023)

2024 ഒക്ടോബറിലെ പരീക്ഷ മുതൽ ഓൺലൈൻ ചോദ്യപേപ്പർ വിതരണ സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചു. നിലവിലുള്ള സംവിധാനം ഉപയോഗിച്ച് ഇത് നടപ്പിലാക്കുന്നതിനുള്ള സാഹചര്യം പരിശോധിക്കുന്നതിനും ഈ സംവിധാനം ഒരുക്കുന്നതിന് അധികമായി വേണ്ടി വരുന്ന

സജ്ജീകരണങ്ങൾ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിനും പരീക്ഷാ സ്ഥിരം സമിതി, അക്കാദമിക് & റിസർച്ച് സ്ഥിരം സമിതി എന്നിവയുടെ കൺവീനർമാർ, പ്രൊഫസർ ഇൻ ചാർജ്ജ് ഓഫ് എക്സാമിനേഷൻസ് എന്നിവരെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു

## Item No. 4

തുറവൂർ പ്രാദേശിക കേന്ദ്രത്തിലെ ഫർണീച്ചറുകൾ, ഓഫീസ് സാമഗ്രികൾ, രജിസ്റ്ററുകൾ, നിലവിൽ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ടി സി, സി സി, ഗ്രേഡ് സർട്ടിഫിക്കറ്റുകൾ, റെക്കോർഡുകൾ, വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട ഡോക്യുമെന്റുകൾ, ബാങ്ക് അക്കൗണ്ട് എന്നിവ സംബന്ധിച്ച വിവരങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവ കാലടി മുഖ്യകേന്ദ്രത്തിലേക്കു ഷിഫ്റ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട അനുബന്ധ ചെലവുകൾക്ക് 1,85,000/- രൂപ തുറവൂർ റീജിയണൽ സെന്റർ ഡയറക്ടർ-ക്ക് മുൻകൂർ അനുവദിച്ചത് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. (No. 01875/ADB1/SSUS/2024(1))

റിപ്പോർട്ട് അംഗീകരിച്ചു. തുറവൂർ പ്രാദേശിക കേന്ദ്രത്തിലെ വിവിധ വസ്തുക്കൾ കാലടി മുഖ്യകേന്ദ്രത്തിലേക്കു ഷിഫ്റ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട അനുബന്ധ ചെലവുകൾക്ക് 1,85,000/- രൂപ തുറവൂർ റീജിയണൽ സെന്റർ ഡയറക്ടർക്ക് അനുവദിച്ച നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 5

SCOL – നടത്തിപ്പ് സംബന്ധിച്ച്

SCOL പ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെട്ട Editor, Camera man എന്നിവർക്ക് നിയമന ഉത്തരവ് പ്രകാരമുള്ള ശമ്പളം അടിയന്തിരമായി നൽകാൻ തീരുമാനിച്ചു. കൂടാതെ SCOL ഡയറക്ടറേറ്റ് ഉടൻ വിളിച്ച് ചേർത്ത് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിക്കാനും തീരുമാനിച്ചു.

**Item No. 6**
UG-PG Admission

PG അഡ്മിഷൻ തീയതി 2024 ജൂലൈ-31 വരെ ദീർഘിപ്പിക്കുവാൻ തീരുമാനിച്ചു. അഡ്മിഷൻ നടപടികൾ പൂർത്തീകരിച്ച ശേഷം ആഗസ്റ്റ് 2-ന് Admission monitoring committee കൂടി students strength സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാനും തീരുമാനിച്ചു.

**Item No. 7**
അടുത്ത വർഷം മുതൽ പിജി എൻട്രൻസ് പരീക്ഷ നടത്തേണ്ടതില്ലെന്ന 06.07.2024 ന് ചേർന്ന 218-മത് സിൻഡിക്കേറ്റ് ഔട്ട് ഓഫ് അജണ്ട ഇനം നമ്പർ 3 പ്രകാരമുള്ള തീരുമാനം റദ്ദാക്കാൻ തീരുമാനിച്ചു.

**Item No. 8**
അധ്യാപകരുടെ വർക്ക് ലോഡ് അടിയന്തിരമായി പരിശോധിക്കാൻ തീരുമാനിച്ചു. പെയിന്റിംഗ് വിഭാഗത്തിൽ അധികമായി നിയമിച്ച ഗസ്റ്റ് അധ്യാപകരുടെ നിയമനം റദ്ദാക്കാനും വർക്ക് ലോഡ് കണക്കാക്കി നിയമാനുസൃതം പുനർനിയമനം നടത്താനും തീരുമാനിച്ചു. പെയിന്റിംഗ് വിഭാഗത്തിൽ ഗസ്റ്റ് അധ്യാപകരെ അധികമായി നിയമിച്ചതു സംബന്ധിച്ച് വകുപ്പ് മേധാവിയോട് വിശദീകരണം തേടാനും തീരുമാനിച്ചു.

യോഗം 1.00 pm ന് അവസാനിച്ചു.

| | |
|---|---|
| **ഒപ്പ്** | **ഒപ്പ്** |
| **പ്രൊഫസർ ഇൻ ചാർജ് ഓഫ് രജിസ്ട്രാർ** | **വൈസ് ചാൻസലർ** |